ബെച്ചി എന്ന പുള്ളിമാൻ

■ കാതിയാളം അബൂബക്കർ

കുട്ടികളോട് മാത്രമല്ല, മറ്റു ജീവജാലങ്ങളോടും അബ്ദുറഹിമാൻ സാഹിബിന് വലിയ സ്നേഹവും വാത്സല്യവുമായിരുന്നു. അൽ അമീൻ ലോഡ്ജിൽ അദ്ദേഹത്തിന്റെ ഓമനകളായി പലരുമുണ്ടായിരുന്നു.

അവയിൽ ഏറ്റവും കൂടുതൽ സന്ദർശകരെ ആകർഷിച്ചിരുന്നത് അദ്ദേഹം വളർത്തിയിരുന്ന ഒരു പുള്ളിമാനായിരുന്നു. കഴുത്തിൽ പൊട്ടിച്ചിരിക്കുന്ന കിങ്ങിണിയുമായി ലോഡ്ജിന് അകത്തും പുറത്തും തുള്ളിച്ചാടി നടന്ന് അത് അന്തരീക്ഷത്തെ സംഗീതസാന്ദ്രമാക്കും. ബെച്ചി എന്നായിരുന്നു ആ പുള്ളിമാന്റെ പേര്.

''ബെച്ചീ...'' എന്ന അബ്ദുറഹിമാന്റെ വിളി കേട്ടാൽ എവിടെയാണെങ്കിലും ബെച്ചി ഓടി അബ്ദുറഹിമാന്റെ സന്നിധിയിലെത്തും. അബ്ദുറഹിമാൻ അതിനെ സ്നേഹപൂർവം തലോടും. അത് നന്ദിയോടെ അയവിറക്കിക്കൊണ്ട് തന്റെ വളർത്തച്ഛനെ ചേർന്നുനിൽക്കും. അത്തരം ചില നിമിഷങ്ങളിൽ അബ്ദുറഹിമാൻ അറിയാതെ ഒരുതരം ആത്മവിസ്മൃതിയിൽ ലയിച്ചുചേരും.

''ബെച്ചീ.....''

ഉടനെ കോണിപ്പടികൾ ചാടിക്കയറി, കുണുങ്ങി കുണുങ്ങി, കിങ്ങിണിയും കിലുക്കി അത് യജമാനന്റെ മുന്നിലെത്തും.

അബ്ദുറഹിമാൻ നേതാക്കളുമായി ചൂടുപിടിച്ച രാഷ്ട്രീയ ചർച്ചകളിലായിരിക്കും ചിലപ്പോൾ. അതും ബെച്ചിക്കറിയാം. അപ്പോൾ മണി കിലുങ്ങാതെ, കാൽസ്പർശം കേൾപ്പിക്കാതെ ബെച്ചി മുറിയുടെ

ലോക കബഡി കപ്പിലെ ആദ്യ ജേതാക്കളായ രാജ്യം- ഇന്ത്യ

വാതിൽക്കൽ ചെന്ന് ഒരു നിമിഷം സാഹിബിനെ നോക്കിനിൽക്കും.

'ഞാൻ ഇവിടെയുണ്ട്' എന്ന് നിശബ്ദമായി അറിയിച്ചശേഷം അനങ്ങാതെ തിരിച്ചുപോകും. ബെച്ചിയും അബ്ദുറഹിമാനും തമ്മിൽ വലിയൊരു സൗഹൃദം വളർന്നുവന്നു.

ഒരു ദിവസം അൽ അമീൻ ലോഡ്ജിന്റെ മുന്നിലെ റോഡിൽ അബ്ദുറഹിമാൻ സാഹിബിന്റെ കാറിന്റെ ശബ്ദം ബെച്ചി തിരിച്ചറിഞ്ഞു. ബെച്ചി മണിയും കിലുക്കി റോഡിലേക്കോടി. കുണുങ്ങി കുണുങ്ങി ഓടിവരുന്ന ബെച്ചിയെ സാഹിബ് കാറിലിരുന്ന് കണ്ടു. ഡ്രൈവറോട് വണ്ടി നിർത്താൻ പറഞ്ഞു.

കാറിന്റെ ഡോർ ചില്ലുകൾ താഴ്ത്തി സാഹിബ് ഓമന ബെച്ചിയെ തലോടി. അത് സംതൃപ്തിയോടെ അയവിറക്കി. കാർ വീണ്ടും മുന്നോട്ടു നീങ്ങി. കുറച്ചു കഴിഞ്ഞ് സാഹിബ് തിരിഞ്ഞു നോക്കുമ്പോൾ അതാ, ബെച്ചിയും കാറിനു പിറകെ വെച്ചടിക്കുന്നു.

വീണ്ടും കാർ നിന്നു. സാഹിബ് പുറത്തിറങ്ങി. ബെച്ചി സാഹിബിന്റെ ശരീരത്തോട് ഉരുമ്മിനിന്ന് അതിന്റെ ഭാഷയിൽ പരിഭവവും പരാതിയും പറയുകയാണ്. സാഹിബ് ബെച്ചിയെ പലവുരു തലോടി. എന്നിട്ട് സ്നേഹാർദ്രമായ സ്വരത്തിൽ പറഞ്ഞു: " നീ പോയ്ക്കോ.... ഞാൻ പോട്ടെ!"

അബ്ദുറഹിമാൻ സാഹിബ്

സ്വാതന്ത്ര്യത്തിനായുള്ള പോരാട്ട കാലഘട്ടത്തിലെ കേരളത്തിലെ ഏററവും വലിയ നേതാക്കളിൽ ഒരാളാണ് മുഹമ്മദ് അബ്ദുറഹിമാൻ. കേരളത്തിന്റെ ചരിത്രത്തെ ഒട്ടേറെ സ്വാധീനിച്ച വ്യക്തി. 1898-ൽ കൊടുങ്ങല്ലൂർ അഴിക്കോട് ജനിച്ചു. മാതാപിതാക്കൾ അബ്ദുറഹിമാൻ കറുകപ്പാടത്ത്, ഐഷാബി തയ്ച്ചാലിൽ. കെ,പി.സി.സി പ്രസിണ്ടന്റും സുഭാഷ് ചന്ദ്രബോസിന്റെ സംഘടനയായ ഫോർവേഡ് ബ്ളോക്കിന്റെ കേരളഘടകം സ്ഥാപകനുമായിരുന്നു.

മദ്രാസ് പ്രസിഡൻസി കോളേജിൽ ഉപരിപഠനം നടത്തുമ്പോൾ വിദ്യഭ്യാസം ഉപേക്ഷിച്ച് സ്വാതന്ത്ര്യ സമരത്തിന്റെ തീചൂളയിലേക്ക് എത്തപ്പെടുകയായിരുന്നു. മലബാർ കലാപത്തെ വർഗീയകലാപം എന്നു വിളിച്ചിരുന്ന കോൺഗ്രസ്സിലെ ഒരു വിഭാഗത്തിന് എതിരായിരുന്നു അദ്ദേഹം. കോഴിക്കോട് ആയിരുന്നു അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളുടെ ഈററില്ലം.

ഖിലാഫത്ത്- നിസ്സഹരണ പ്രസ്ഥാനം അദ്ദേഹത്തിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലായിരുന്നു. 1921- ൽ നിയമം ലംഘിച്ചു എന്ന പേരിൽ രണ്ടു വർഷം കഠിനതടവിനു വിധിച്ചു. കോഴിക്കോട് ഉപ്പുസത്യാഗ്രഹം സംഘടിക്കപ്പെട്ടതും അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ആയിരുന്നു. അതിന് ഒമ്പതുമാസം തടവ് അനുഭവിച്ചു. 1924-ൽ അൽഅമീൻ പത്രം കോഴിക്കോട് നിന്നും ആരംഭിച്ചു

1937-ൽ ഏറനാട്-വള്ളുവനാട് അസംബ്ലിമണ്ഡലത്തിൽ നിന്നും മദ്രാസ് അസംബ്ലിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. നേതാജി സുഭാഷ് ചന്ദ്രബോസ് ഓൾ ഇൻഡ്യ ഫോർവേഡ് രൂപീകരിച്ചപ്പോൾ കോൺഗ്രസ്സിൽ നിന്നും രാജിവെച്ച് കേരളത്തിൽ അതിന്റെ സ്ഥാപകനായി.

1940-ൽ അഞ്ചു വർഷത്തെ ജയിൽ വാസം അനുഷ്ഠിച്ചു. 1939ൽ രാജാജി മന്ത്രിസഭ ഭൂബന്ധങ്ങളെ പറ്റി പഠിക്കാൻ നിയോഗിച്ച കമ്മിറ്റിയിൽ അംഗമായിരുന്നു. കേരളത്തിലെ ഭൂപരിഷ്കരണം അതിനെ അടിസ്ഥാനമാക്കിയാണു പിന്നീട് നടന്നത്.

മലബാർ കലാപത്തെ തുടർന്ന് മാപ്പിളമാരെ അന്തമാൻ ദ്വീപിലേക്ക് നാടുകടത്താനുള്ള നീക്കത്തെ പ്രതിരോധിച്ചു. മാപ്പിളമാരുടെ അനാഥക്കുഞ്ഞുങ്ങളെ പുനരധിവസിപ്പിക്കാൻ തുടങ്ങിയ ജെ.ഡി.റ്റി ഇസ്ലാം സ്ഥാപിക്കുന്നതിൽ പ്രധാന പങ്കുവഹിച്ചു. 1945-ൽ അന്തരിച്ചു. 1998-ൽ ഇന്ത്യൻ ഗവൺമെന്റ് അദ്ദേഹത്തിന്റെ പേരിൽ തപാൽ സ്റ്റാമ്പ് പുറത്തിറക്കി.

ഇന്ത്യയിലെ ആദ്യത്തെ ത്രിമാന (3D) ചലച്ചിത്രം - മൈഡിയർ കുട്ടിച്ചാത്തൻ